(ബി) ചോദ്യം ഉദിക്കുന്നില്ല.

വിവിധ മതസ്ഥാപനങ്ങൾ ഗവൺമെന്റ് ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള ആരാധനാലയങ്ങൾ

3 (600) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ മതസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ വിദ്യാലയങ്ങൾ എന്നിവ സ്ഥാപിച്ചു നടത്തി വരുന്ന ഗവൺമെന്റ് വക ഭൂമിയുടെ വിവരങ്ങൾ ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള ഏർപ്പാടുണ്ടാക്കുമോ ;

(സി) ഇത്തരം ഭൂമികളിൽ നിന്ന് ഗവൺമെന്റിന് എന്തെങ്കിലും നികുതിയോ മറ്റ് വരുമാനമോ ലഭിക്കുന്നുണ്ടോ ;

(ഡി) ഇത്തരം ഭൂമികൾക്ക് ന്യായവില നിശ്ചയിച്ച് ബന്ധപ്പെട്ട മതസ്ഥാപനങ്ങൾക്ക് നൽകുന്നിതിനോ ടി ഭൂമികൾക്ക് പട്ടയം നൽകുന്നതിനോ നടപടിയെടുക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലുള്ള മടവൂർപ്പാറ ഗുഹാക്ഷേത്രം

4 (601) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ അയിരൂപ്പാറ വില്ലേജിൽ റിസർവ്വേ കഴിഞ്ഞ് ഭൂരേഖകൾ പ്രസിദ്ധീകരിച്ചതും, അതിന്മേലുള്ള അപ്പീലും പരാതികളും പരിഹരിച്ചതും ഏതേതുവർഷങ്ങളിലാണെന്ന് പറയുമോ ;

(ബി) ഈ വില്ലേജിൽ ബ്ലോക്ക് നം. 12-ൽ റിസർവ്വേ 233/1-ൽ പുരാവസ്തു വകുപ്പിന്റെ സംക്ഷണയിലുള്ള മടവൂർപ്പാറ ഗുഹാക്ഷേത്രം ഉൾപ്പെടുന്ന എത്ര ഹെക്ടർ സ്ഥലം സർക്കാർ ഭൂമിയായി ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ ഭൂമിയിൽ നിന്നും സംരക്ഷിത സ്മാരകവും പാറയും പ്രതിമാസ റീസർവ്വേ അദാലത്തിൽ ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെ പേരിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് ആരുടെ പേരിലാണെന്നും, എത്ര സ്ഥലമാണെന്നും പറയുമോ ; ഈ സ്വകാര്യവ്യക്തിക്ക് ഈ പേരിലോ മറ്റൊരുടെയെങ്കിലും പേരിലോ ഇതിനോട് ചേർന്ന് ഭൂമിയുണ്ടോ ;

(ഇ) റീസർവ്വേ രേഖകൾ പ്രസിദ്ധീകരിക്കുമ്പോൾ എത്ര സ്ഥലമാണ് ഈ വ്യക്തിക്ക് ഉണ്ടായിരുന്നതെന്നും അത് ഏതു പേരിലാണെന്നും, ആവശ്യമായ രേഖയുടെ അടിസ്ഥാനത്തിലാണോ ഇതു നൽകിയതെന്നും പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly